

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

32 ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ . . . . . . 1
1 മതം ഒരു പ്രതിലോമശക്തി . . . . . 3
2 മാർക്സിസത്തിന്റെ ശക്തി . . . . . . 4

# 32

# ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ

യൂറോപ്പിലെ ദേശീയപ്രസ്ഥാനങ്ങളിൽ, വ്യവസായങ്ങളും ശാസ്ത്രങ്ങളും സാങ്കേതികവൈരുദ്ധ്യങ്ങളും മറ്റും ഒരതിർത്തിവരെയെങ്കിലും വളരുകയും ആ പുതിയ ഉൽപാദനശക്തിയും പഴയ സാമൂഹ്യബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിച്ച് മൂർച്ഛിച്ച് ഒരു വിപ്ലവത്തിന്റെ ഘട്ടത്തോളമെത്തിയ സന്ദർഭങ്ങളിൽ വിശേഷിച്ചും, ഭൗതികവാദപരമായ ആശയങ്ങൾക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നു എന്നു കാണാം. എന്നാൽ ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ മേധാവിത്വം കാരണം, വ്യവസായങ്ങളുടെയും ആധുനികശാസ്ത്രങ്ങളുടെയും വളർച്ച വളരെ മന്ദഗതിയിലായിരുന്നു. പഴയ ഫ്യൂഡൽബന്ധങ്ങളുടെ അവശിഷ്ടങ്ങളോടൊപ്പം സാമൂഹ്യസാംസ്കാരികരംഗങ്ങളിൽ ഒരു തരം സ്തംഭനത്തേയും മാന്ദ്യത്തേയും നിലനിർത്താനാണ് വിദേശീയമേധാവികൾ പരിശ്രമിച്ചത്. അതുകൊണ്ടുതന്നെയാവാം ഫ്യൂഡലിസത്തിന്റെ അവശിഷ്ടങ്ങൾക്കും വിദേശീയചൂഷണത്തിനുമെതിരായ പത്തൊമ്പതാം നൂറ്റാണ്ടിലെ ദേശീയ നവോത്ഥാനപ്രസ്ഥാനങ്ങളിൽ ഭൗതികവാദപരമോ നിരീശ്വരവാദപരമോ ആയ ചിന്താഗതികൾക്കു പറയത്ത യാതൊരു പങ്കുമുണ്ടായിരുന്നില്ല. ഈശ്വരനും മതവും വെല്ലുവിളിക്കപ്പെടുകയുണ്ടായില്ല. മതപരമായ പരിഷ്കരണ പ്രസ്ഥാനം മാത്രമാണുണ്ടായത്. ആ പ്രസ്ഥാനത്തിന്റെ മിക്ക നേതാക്കൻമാരും വിവിധ രൂപങ്ങളിലാണെങ്കിലും ‘ഏകമേവാദ്വിതീയ’മായ ഒരു കേവലശക്തിയിൽ വിശ്വാസമുള്ളവരായിരുന്നു.

എന്നാൽ, ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഈ സ്ഥിതിയിൽ വലിയൊരുമാറ്റമുണ്ടായി. ഇന്ത്യൻ വ്യവസായങ്ങൾ അതിവേഗം വളരാൻ തുടങ്ങി. അതോടൊപ്പം ഒരു തൊഴിലാളിവർഗ്ഗവും രംഗത്തുവന്നു. സോഷ്യലിസം, കമ്മ്യൂണിസം, മാർക്സിസം, യുക്തിവാദപരമായ ഭൗതികവാദം എന്നിങ്ങനെയുള്ള പല പുതിയ ആശയങ്ങളും പ്രചരിക്കാൻ തുടങ്ങി. ശാസ്ത്രീയവും സാങ്കേതികവുമായ അഭിവൃദ്ധി ഇന്ത്യയുടെ ഒഴിച്ചുകൂടാൻവയ്യാത്ത ഒരാവശ്യമായിത്തീർന്നു.

1929-ൽ ആരംഭിച്ച സാമ്പത്തികവും രാഷ്ട്രീയവുമായ കുഴപ്പങ്ങൾ ദാർശനികവും സാംസ്കാരികവുമായ രംഗങ്ങളിലും പ്രതിഫലിച്ചു. പുതിയ പരിതഃസ്ഥിതികളിൽ ഇന്ത്യയുടെ പുരോഗതിയ്ക്കുള്ള മാർഗമേതാണ്? — ഇതാണ് നമ്മുടെ തത്വശാസ്ത്രജ്ഞൻമാരേയും മറ്റു ബുദ്ധിജീവികളേയും നേരിട്ട ഏറ്റവും മുഖ്യമായ പ്രശ്നം. ഇന്ത്യയ്ക്ക് തികച്ചും ആത്മീയവാദപരമായ ഒരു പാരമ്പര്യമാണുള്ളതെന്നും, അതുകൊണ്ട് പുതിയ ഭൗതികസാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾക്കു വഴിപ്പെടാതെ ആത്മീയവാദത്തിലും ആദ്ധ്യാത്മികതയിലും മതത്തിലും അടിയുറച്ചുനിൽക്കുകയാണ് വേണ്ടതെന്നും ചില ചിന്തകൻമാർ അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ പാരമ്പര്യം മുഴുക്കെ ആത്മീയമാണെന്നും പുരോഗതിയെ അതു തടഞ്ഞുനിർത്തുന്നുവെന്നും അതുകൊണ്ട് ആ പാരമ്പര്യത്തെ പരിപൂർണ്ണമായും വലിച്ചെറിഞ്ഞ് പുതിയൊരദ്ധ്യായമാരംഭിക്കണമെന്നും മറ്റു ചിലർ വാദിച്ചു. ഇന്ത്യയ്ക്ക് ആത്മീയവാദപരമായ ഒരു പാരമ്പര്യം മാത്രമല്ല ഉള്ളതെന്നും, ഭൗതികവാദപരമായ ഒരു പാരമ്പര്യം കൂടിയുണ്ടെന്നും, വേറെ ചില പണ്ഡിതൻമാർ ചൂണ്ടിക്കാണിച്ചു. ‘ലോകായതം’ ‘ഇന്ത്യൻ ഭൗതികവാദത്തിന്റെ ചരിത്രം’ മുതലായ പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യപ്പെട്ടു. പ്രാചീനേന്ത്യയിൽ ശാസ്ത്രങ്ങൾക്കുണ്ടായ വളർച്ചയെ എടുത്തുകാണിച്ചുകൊണ്ട് ഇന്ത്യ ഒരിക്കലും ശാസ്ത്രീയാഭിവൃദ്ധിക്കെതിരല്ലെന്നു മറ്റു ചിലർ വാദിച്ചു. ഇന്ത്യയുടെ ദാർശനിക പാരമ്പര്യത്തെ വിലയിരുത്തിക്കാണിക്കാനുള്ള പുതിയ പരിശ്രമങ്ങളാരംഭിച്ചു. ഇന്ത്യ സ്വതന്ത്ര്യയായശേഷം ഈ പരിശ്രമങ്ങൾ കൂടുതൽ ഊർജ്ജിതമാവാൻ തുടങ്ങി. തത്വശാസ്ത്ര വ്യാഖ്യാതക്കളിലൊരാളായ ശ്രീ പി ടി രാജു തന്റെ ‘ഐഡ്യലിസ്റ്റിക് തോട്ട് ഓഫ് ഇന്ത്യ’ എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതുന്നു:

> ‘.... എന്നാൽ, ഇന്നത്തെ കാലത്ത് നമ്മുടെ രാജ്യത്തിനു പറ്റിയ തത്വശാസ്ത്രമേതാണ് എന്നതാണ് ഇപ്പോഴത്തെ പ്രശ്നം. വൈശേഷിക ദർശനം വേദാന്തദർശനത്തേക്കാളധികം ഭൗതികവാദപരമാണെന്നും, അതുകൊണ്ട് അതു പ്രചരിപ്പിക്കേണ്ടതാണെന്നുമുള്ള അഭിപ്രായമുണ്ട്... കുട്ടികളുടെ ഉടുപ്പുകൾ യുവാക്കൾക്കു പറ്റുകയില്ല... അതുപോലെ തന്നെ, വൈശേഷികമോ മറ്റേതെങ്കിലും പ്രാചീനദർശനമോ ഇന്നു നമുക്കു പറ്റുകയില്ല. കർമവിമുഖതയ്ക്കെതിരായ ആഹ്വാനത്തിന് ഭൗതികവാദത്തിന്റെ ആവശ്യമില്ല. ഭൗതികത്വത്തിൽ നിന്നൊളിച്ചോടിപ്പോകുന്നതിനു പകരം, അതിനെ കീഴടക്കേണ്ടതിന്റെ ആവശ്യകതയെ ആത്മീയവാദവുമായി പൊരുത്തപ്പെടാൻവേണ്ടി ചില സമകാലിക ചിന്തകൻമാർ നടത്തുന്ന പരിശ്രമങ്ങളെ വായനക്കാർക്കു കാണാൻ കഴിയും. ലോകത്തിന്റെ ചിന്തയുടെ ഏറ്റവും ഉയർന്ന നേട്ടമെന്ന നിലയ്ക്ക് ആത്മീയവാദം സ്ഥിരീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.’

എന്നാൽ പക്ഷപാതപരങ്ങളായ ഇത്തരം അവഗണനകളും മൂടിവെയ്ക്കലുകളും സത്യാന്വേഷികളായ ചില ചിന്തകൻമാരെ തൃപ്തിപ്പെടുത്തിയില്ല. ഭൂതകാലത്തിലേക്കു നോക്കുമ്പോൾ കൂടുതൽ വസ്തുനിഷ്ഠമായ ഒരു സമീപനരീതി സ്വീകരിക്കണമെന്ന് അവർ അഭിപ്രായപ്പെട്ടു. ആധുനിക ജീവിതത്തിനു പറ്റിയതരത്തിൽ മതങ്ങളിലും ചിന്തകളിലും മാറ്റങ്ങൾ വരുത്തുകയാണവശ്യമെന്ന് വേറെ ചില ചിന്തകർ ഊന്നിപ്പറഞ്ഞു. ഉദാഹരണത്തിന്, ഡോ. എസ്. രാധാകൃഷ്ണൻ പറഞ്ഞു:

> ‘നമ്മുടെ യുഗത്തിൽ മുന്തിനിൽക്കുന്ന രണ്ടു സവിശേഷതകളുണ്ട്. സയൻസും ജനാധിപത്യവും. അവ നിലനിൽക്കുകതന്നെ ചെയ്യും. യുക്തിസഹജമായ തെളിവുകളൊന്നും കൂടാതെ വിശ്വാസത്തിന്റെ മോക്ഷങ്ങൾ സ്വീകരിക്കണമെന്ന് അഭ്യസ്തവിദ്യരായ ജനങ്ങളോട് നമുക്കാവശ്യപ്പെടാൻ വയ്യ. സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതെല്ലാം തന്നെ യുക്തിയാൽ ന്യായീകരിക്കപ്പെടുകയും പിന്താങ്ങപ്പെടുകയും ചെയ്യണം. അല്ലെങ്കിൽ നമ്മുടെ മതവിശ്വാസങ്ങൾ സാങ്കൽപികമായ ചിന്തകൾ മാത്രമായി അധഃപതിക്കും. ആധുനിക മനുഷ്യൻ തന്റെ ബൗധികമായ മനഃസാക്ഷിക്കും ശാസ്ത്രബോധത്തിനും സ്വീകാര്യമായ ഒരു മതത്തോടുകൂടി ജീവിക്കാനാണ് പഠിക്കേണ്ടത്.’

മറ്റൊരു പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു:

> ‘ബാഹ്യസംഭവങ്ങളിൽ നിന്നോ ആശയങ്ങളിൽ നിന്നോ വരുന്ന ഓരോ പുതിയ വെല്ലുവിളിക്കുമനുസരിച്ച് ക്രിയാത്മകമായി മാറാൻ കഴിയുന്നിടത്തോളം കാലം ഏതു മതവ്യവസ്ഥയും ആരോഗ്യകരമാണ്, പുരോഗമനപരമാണ്. അങ്ങനെ ചെയ്യാൻ അതിനു കഴിവില്ലാതെ വരുമ്പോൾ അത് അധഃപതിക്കുവാൻ തുടങ്ങുന്നു. പൊതുവിൽ പറഞ്ഞാൽ, പുതിയ വെല്ലുവിളികൾക്കനുയോജ്യമായ പ്രതികരണങ്ങൾ കണ്ടുപിടിക്കാൻ കഴിവില്ലാത്തതുകൊണ്ടാണ്, അവിശ്വാസത്തെ ഭയപ്പെടുന്നവരാണെങ്കിലും പുതിയ ആശയഗതികളുടേയും വിമർശനങ്ങളുടേയും ആഘാതങ്ങളേറ്റ് വിശ്വാസമില്ലാത്തവരായിത്തീർന്നിട്ടുള്ള സാധാരണജനങ്ങളുടെ സ്വേച്ഛാനുസൃതമായ പിന്തുണ നിലനിർത്താൻ കഴിയാത്തതുകൊണ്ടാണ്, ഒരു സമുദായം തകർന്നുപോകുന്നത്. നിലവിലുള്ള ശക്തികളുടെ പ്രവർത്തനങ്ങളെ കണക്കിലെടുക്കുകയും അവയെ ക്രിയാത്മകമായി നേരിടുകയും ചെയ്യുന്നില്ലെങ്കിൽ മതങ്ങൾ വാടി നശിച്ചു പോകാനാണിടയുള്ളത്.’
>
> ‘നമ്മൾ ശാസ്ത്രത്തിന്റെ യുഗത്തിലാണ് ജീവിക്കുന്നത്. അതുകൊണ്ട് അവിശ്വസനീയങ്ങളായ തത്വങ്ങളേയോ അന്തരാത്മാവിന്റെ വിളിപ്പാടുകളേയോ നമുക്ക് സ്വീകരിക്കുക സാദ്ധ്യമല്ല. ഇതു മനുഷ്യസ്നേഹത്തിന്റെ ഒരു യുഗം കൂടിയാണ്. മാനുഷികമായ രോഗങ്ങളേയും സാമൂഹ്യമായ കുറ്റങ്ങളേയും കാണാൻ കൂട്ടാക്കാത്ത മതങ്ങൾ ആധുനികമനുഷ്യനെ ആകർഷിക്കുകയില്ല. വിഭജനങ്ങളേയും ഭിന്നിപ്പുകളേയും തകർച്ചയെയും ന്യായീകരിക്കുകയും ഐക്യത്തേയും പരസ്പര ധാരണയേയും ഇണങ്ങിച്ചേരലിനേയും പ്രോത്സാഹിപ്പിക്കാതിരിക്കുകയും ചെയ്യുന്ന മതങ്ങൾ മതശത്രുക്കളുടെ കൈയിൽ കളിക്കുന്നവയായിരിക്കും.’

ഭൗതികജീവിതത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ശരിക്കു മനസ്സിലാക്കാനും വിലയിരുത്താനും കഴിവുള്ള പുരോഗമനവാദിയായ ഒരാധുനിക തത്വജ്ഞാനിയാണ് ഡോക്ടർ രാധാകൃഷ്ണൻ. പക്ഷേ, ശാസ്ത്രീയചിന്തകളുടെ പുരോഗതി ഇന്ത്യയുടെ മതപരവും ആത്മീയവുമായ പാരമ്പര്യത്തെ കടന്നാക്രമിക്കുന്നതിനെ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടദ്ദേഹം മതത്തേയും ശാസ്ത്രത്തേയും തമ്മിൽ, പുതിയ ഭൗതിക ജീവിതത്തേയും പഴയ ആത്മീയവാദത്തേയും തമ്മിൽ, കൂട്ടിയിണക്കാനും പൊരുത്തപ്പെടുത്താനും ശ്രമിക്കുന്നു.

## 1 മതം ഒരു പ്രതിലോമശക്തി

ആത്മീയവാദത്തിന്റെയും മതത്തിൻറേയും പുറന്തോടുകളെ ഒട്ടുംതന്നെ ആശ്രയിക്കാതെ ആധുനികതയെ സ്വാഗതം ചെയ്യുന്ന ഇന്ത്യയിലെ ഏറ്റവും മഹാനായ ചിന്തകൻ ജവഹർലാൽ നെഹ്റുവാണ്. മുഖ്യമായും ഒരു തത്വജ്ഞാനി എന്ന നിലയ്ക്കല്ല അദ്ദേഹം അറിയപ്പെടുന്നത്. എങ്കിലും അദ്ദേഹത്തിന്റെ ജീവിതവീക്ഷണരീതി തത്വജ്ഞാനിയായ ഒരു ശാസ്ത്രജ്ഞന്റേതാണ് എന്ന കാര്യത്തിൽ സംശയമില്ല. തന്റെ ആത്മകഥയിൽ അദ്ദേഹം ഇങ്ങനെ എഴുതി:

> ‘സാധാരണ മതമനോഭാവം ഈ ലോകത്തെപ്പറ്റി ചിന്തിക്കുന്നില്ല. അതു വ്യക്തമായ വിചിന്തനത്തിന്റെ ശത്രുവാണെന്ന് എനിക്കു തോന്നുന്നു. എന്തുകൊണ്ടെന്നാൽ, അതു സുനിശ്ചിതങ്ങളും സുസ്ഥിരങ്ങളുമായ ചില മതതത്വങ്ങളുടേയും സിദ്ധാന്തങ്ങളുടെയും ചോദ്യം കൂടാത്ത അംഗീകരണത്തെ മാത്രമല്ല, വികാരവൈവശ്യത്തേയും മനഃക്ഷോഭങ്ങളെയും തീവ്രാഭിവാഞ്ഛകളേയും കൂടി അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. ആത്മീയമെന്നു ഞാൻ കരുതുന്നതിൽ നിന്നും ആത്മാവിനെ സംബന്ധിച്ച സംഗതികളിൽ നിന്നും അതു വളരെയകലെയാണ്. മുൻകൂട്ടി മനസ്സുറപ്പിച്ച അഭിപ്രായങ്ങളുമായി യാഥാർത്ഥ്യം ഇണങ്ങിയില്ലെങ്കിലോ എന്നു വിചാരിച്ച് അതു കരുതിക്കൂട്ടിയോ അറിയാതെ തന്നെയോ യാഥാർത്ഥ്യത്തിന്റെ നേരെ കണ്ണടയ്ക്കുകയും ചെയ്യുന്നു. ഇതരഭിപ്രായങ്ങളേയും ആശയങ്ങളേയും സംബന്ധിച്ചിടത്തോളം അത് അസഹിഷ്ണുവും സങ്കുചിതവുമാണ്; അതുതന്നെ ചുറ്റിക്കറങ്ങുന്നതും അഹംഭാവിയുമാണ്; അത് പലപ്പോഴും അതിനെ ചൂഷണം ചെയ്തുകൊള്ളുവാൻ സ്വാർത്ഥികളേയും അവസരസേവകരേയും അനുവദിക്കുകയും ചെയ്യുന്നു.’

> ‘ഇപ്പറഞ്ഞതിന്, മതനിഷ്ഠരായ ആളുകൾ പലപ്പോഴും ധാർമികതയുടേയും ആത്മീയതയുടേയും ഏറ്റവും ഉൽകൃഷ്ടമാതൃകകളായിരുന്നില്ലെന്നോ ഇന്നും അല്ലെന്നോ അർത്ഥമില്ല. എന്നാൽ ധാർമികതയേയും ആത്മീയതേയും പാരത്രികത്തിന്റെയല്ല ഐതിഹ്യത്തിന്റെ മാനദണ്ഡങ്ങൾകൊണ്ടാണ് നിർണയിക്കേണ്ടതെങ്കിൽ, ഒരു ജനതയുടെ ധാർമ്മികവും ആത്മീയവുമായ പുരോഗതിയെ മതമനോഭാവം സഹായിക്കുന്നില്ല. തടസ്സപ്പെടുത്തുകകൂടി ചെയ്യുന്നുണ്ടെന്നും തീർച്ചയായും അതിന്നർത്ഥമാക്കണം. സാധാരണയായി മതം ഈശ്വരനെ, അഥവാ പരമതത്വത്തെക്കുറിച്ചുള്ള അസാമുദായികമായ ഒരന്വേഷണമായിത്തീരുന്നു. മതനിഷ്ഠനായ മനുഷ്യന്ന സമുദായനന്മയിലെക്കാൾ വളരേയേറെ താൽപര്യം സ്വന്തം മുക്തിയിലാണുതാനും. അഹംബുദ്ധിയെ അകറ്റുവാനാണ് ഭക്തന്റെ ശ്രമം; ആ ഉദ്യമത്തിൽ സാധാരണയായി അയാൾക്കു പിണയാറുള്ളതോ, അഹംബുദ്ധി നിറഞ്ഞുവഴിയുക എന്ന അവസ്ഥയും. ധാർമിക മാനദണ്ഡങ്ങൾ സാമുദായികാവശ്യങ്ങളുമായി ഒരു ബന്ധവുമില്ലാതെ, അത്യന്തദുർഗ്രഹമായ ഒരു പാപസിദ്ധാന്തത്തിൽ അടിയുറച്ചു നിൽക്കുകയാണ്. സംഘടിതമതം എല്ലായ്പോഴും ഒരു നിക്ഷിപ്ത താൽപര്യമായും, അങ്ങിനെ അനിവാര്യമായി മാറ്റത്തേയും പുരോഗതിയേയും എതിർക്കുന്ന ഒരു പ്രതിലോമശക്തിയായും തീരുന്നു.’

## 2 മാർക്സിസത്തിന്റെ ശക്തി

മാർക്സിസം തന്നെ ആകർഷിച്ചതെങ്ങനെയെന്ന് അദ്ദേഹം വിവരിക്കുന്നു:

> ‘മാർക്സിസത്തിന്റെ സിദ്ധാന്തവും തത്വദർശനവും എന്റെ മനസ്സിലെ അനേകം ഇരുട്ടറഞ്ഞ കോണുകളിൽ വെളിച്ചം പരത്തി. എന്നെ സംബന്ധിച്ചിടത്തോളം ചരിത്രത്തിന് ഒരു പുതിയ അർത്ഥമുണ്ടായിത്തീർന്നു. മാർക്സിസ്റ്റുവ്യാഖ്യാനം അതിൻമേലൊരു ശക്തിയേറിയ വെളിച്ചം തിരിച്ചുവിട്ടു; എത്രമേൽ അബോധമാണെങ്കിലും അതു പിന്നിലൊരു ക്രമവും ഉദ്ദേശ്യവുമുള്ള ഒരു നാടകത്തിന്റെ വികാസമായി മാറി. ഭൂതകാലത്തിലേയും വർത്തമാനകാലത്തിലേയും ഭീമമായ ദുർവ്യയവും കഷ്ടപ്പാടുമൊക്കെയുണ്ടായിട്ടും, ഇടയിൽ അനേകം ആപത്തുകളുണ്ടെങ്കിലും, ഭാവി പ്രത്യാശാഭാസുരമാണ്. മാർക്സിസത്തിനു വിധിനിഷേധങ്ങളിൽ നിന്നുള്ള സമ്പൂർണ സ്വാതന്ത്ര്യവും അതിന്റെ ശാസ്ത്രീയമായ വീക്ഷണാശീലവുമാണ് എനിക്കാകർഷകമായിത്തീർന്നത്. റഷ്യയിലും മറ്റ് ഔദ്യോഗിക കമ്മ്യൂണിസത്തിൽ ധാരാളം വിധിനിഷേധങ്ങളുണ്ടെന്നതും എതിരഭിപ്രായങ്ങളെ നായാടിപ്പിടിക്കുവാൻ കൂടെക്കൂടെ ഏർപ്പാടുചെയ്യാറുണ്ടെന്നതും നേരുതന്നെ. അതു പരിതാപകരമായി തോന്നുന്നു. എങ്കിലും, ഫലപ്രദമായ എതിർപ്പ് ഭയങ്കരമായ പരാജയത്തിൽ പര്യവസാനിച്ചേക്കാവുന്ന ഒരു സ്ഥിതിയിൽ, വമ്പിച്ച മാറ്റങ്ങളാണ് സോവിയറ്റ് രാജ്യങ്ങളിൽ അതിവേഗം വന്നുകൊണ്ടിരിക്കുന്നതെന്നോർക്കുമ്പോൾ, അതു മനസ്സിലാക്കാൻ പ്രയാസമില്ല.
>
> ‘ലോക മഹാസാമ്പത്തിക വിഷമസന്ധിയും മാന്ദ്യവും മാർക്സിസ്റ്റ് വിശകലനത്തെ ന്യായീകരിക്കുന്നതായി തോന്നി. മറ്റെല്ലാസമ്പ്രദായങ്ങളും സിദ്ധാന്തങ്ങളും ഇരുട്ടത്തു തപ്പിത്തടഞ്ഞുകൊണ്ടിരിക്കേ, മാർക്സിസം ഒന്നുമാത്രമെ ഏറെക്കുറെ തൃപ്തികരായി വിവരിക്കുകയും അതിനൊരു യഥാർത്ഥമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്തുള്ളു.’

ഡയലക്ടിക്കൽ മെറ്റീരിയലിസം എന്ന പേരിലറിയപ്പെടുന്ന മാർക്സിയൻ തത്വശാസ്ത്രത്തിന്റെ വീക്ഷണഗതി പൊതുവിൽ തനിക്കു സ്വീകാര്യമാണെന്ന് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി:

> ‘മാർക്സിസ്റ്റ് തത്വശാസ്ത്രത്തിന്റെ വീക്ഷണഗതിയിൽ വളരെയൊക്കെ എനിക്കു നിഷ്പ്രയാസം അംഗീകരിക്കാം — അതിന്റെ അദ്വൈതം, ദ്രഷ്ടാവിൻറേയും ദൃശ്യത്തിന്റെയും അഭിന്നത, ഭൂതഗതിവിജ്ഞാനീയം, പരിണാമവും ചാട്ടവും, പ്രവർത്തന പ്രതിപ്രവർത്തനങ്ങൾ, കാര്യകാരണബന്ധം, പക്ഷപ്രതിപക്ഷസംയോഗങ്ങൾ എന്നിവ വഴിയുള്ള അനുക്രമമാറ്റങ്ങളുടെ ന്യായശാസ്ത്രം എന്നിതെല്ലാം.’

പണ്ഡിറ്റ് നെഹ്റുവിന്റെ പ്രവർത്തനങ്ങൾ, അദ്ദേഹം തന്നെ സമ്മതിക്കുന്നതുപോലെ, ചിലപ്പോഴൊക്കെ ഗാന്ധിസത്തിന്റെ പരിമിതികളാൽ വലയം ചെയ്യപ്പെട്ടവയാണ്. പക്ഷേ, അദ്ദേഹത്തിന്റെ വിശാലമായ വീക്ഷണഗതി ഇന്നത്തെ തലമുറയെ ഓജസ്സുനിറഞ്ഞ പുതിയൊരു തത്വശാസ്ത്രത്തിന്റെ നേർക്കു നോക്കാൻ പ്രേരിപ്പിച്ചു എന്ന കാര്യത്തിൽ സംശയമില്ല. □

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ

1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്

### വെബ് പതിപ്പു കണ്ണികൾ

1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10